ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29-06-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സെയ്ഷെൽസ് സന്ദർശനം തുടരുന്നു. സെയ്ഷെൽസിലെ ഇന്ത്യൻ സമൂഹവുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

**Prime Minister Narendra Modi's Seychelles visit continues. The Prime Minister interacted with the Indian community in Seychelles.**

2. അയോധ്യ ക്ഷേത്രത്തിലെ സംഭാവനകളുമായി ബന്ധപ്പെട്ട ആരോപണങ്ങളിൽ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജിയിൽ അടിയന്തര വാദം കേൾക്കണമെന്ന ആവശ്യം സുപ്രീം കോടതി നിരസിച്ചു.

**The Supreme Court today refused an urgent hearing on a PIL seeking a court-monitored probe and forensic audit into alleged financial irregularities in donations received by the Shri Ram Janmabhoomi Teerth Kshetra Trust.**

3. സ്ത്രീ സുരക്ഷാ പദ്ധതി വിഷയത്തിൽ നിയമസഭയിൽ അടിയന്തര പ്രമേയ നോട്ടീസ്. കൃത്യമായി പരിശോധിക്കാതെ പദ്ധതിയിൽ തീരുമാനമെടുക്കാൻ സാധിക്കില്ലെന്ന് മുഖ്യമന്ത്രി.

An adjournment motion notice on the Women's Safety Scheme was moved in the Kerala Assembly. The Chief Minister said that no decision on the scheme can be taken without conducting a thorough examination.

4. രാജ്യത്ത് മൂന്ന് വയസ്സ് വരെയുള്ള കുട്ടികൾക്ക് സംയോജിത ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന പദ്ധതിക്ക് ഇന്ന് തുടക്കമാകും.

A nationwide programme to ensure integrated healthcare for children up to the age of three will be launched today.

5. സെൻസസ് സെൽഫ് എന്യൂമറേഷൻ സൗകര്യം നാളെ കൂടി. ജൂലൈ ഒന്ന് മുതൽ വീടുകൾ തോറുമുള്ള വിവരശേഖരണം തുടങ്ങും.

The Census self-enumeration facility will be available till tomorrow. Door-to-door data collection will begin from July 1.

6. അതിശക്തമായ മഴ മുന്നറിയിപ്പിനെ തുടർന്ന് പശ്ചിമ ബംഗാളിലും സിക്കിമിലും ഇന്ന് ചുവപ്പ് ജാഗ്രത. കേരളത്തിൽ ശക്തമായ മഴ തുടരും. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

Red Alert has been issued in West Bengal and Sikkim today following a warning of extremely heavy rainfall. Heavy rain is expected to continue in Keralam. Fishing has been banned along the Keralam, Karnataka, and Lakshadweep coasts till Thursday.

&&&&&&&&&&&&&&&&&

## PREZ – GALLANTRY AWARDS

രാഷ്ട്രപതി ദ്രൗപദി മുർമു ധീരതാ പുരസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ നടക്കുന്ന ഈ വർഷത്തെ രണ്ടാമത് പ്രതിരോധ നിക്ഷേപ ചടങ്ങിലാണ് പുരസ്കാര വിതരണം. പ്രതിരോധ സേനകൾ, കേന്ദ്ര സായുധ പോലീസ് സേനകൾ, സംസ്ഥാന - കേന്ദ്രഭരണ പ്രദേശങ്ങളിലെ പോലീസ് എന്നിവയിലെ ഉദ്യോഗസ്ഥർക്ക് അവാർഡുകൾ കൈമാറും.

&&&&&&&&&&&&&&&&&

## HEADLINE-1

## PM MODI –SEYCHELLES

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സെയ്ഷെൽസ് സന്ദർശനം തുടരുന്നു. സെയ്ഷെൽസിലെ ഇന്ത്യൻ സമൂഹവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി എത്തിയ അദ്ദേഹം സെയ്ഷെൽസിന്റെ ദേശീയദിന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുത്തു. സെയ്ഷെൽസ് ദേശീയ അസംബ്ലിയെയും ശ്രീ നരേന്ദ്ര മോദി അഭിസംബോധന ചെയ്തു. സെയ്ഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. 'ഗാർഡിയൻ ഓഫ് ദി ബ്ലൂ ഹൊറൈസൺ' പ്രസിഡൻഷ്യൽ ബഹുമതിയും ശ്രീ നരേന്ദ്ര മോദിക്ക് സമ്മാനിച്ചു.

&&&&&&&&&&&&&&&&&

## GOYAL – GREECE

യുകെ സന്ദർശനം പൂർത്തിയാക്കിയ കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ ഗ്രീസ് സന്ദർശിക്കും. 'ദി ഏഥൻസ് സ്റ്റാർട്ടപ്പ് ബിസിനസ് ഇൻക്യൂബേറ്റർ' പരിപാടിയിൽ അദ്ദേഹം പങ്കെടുക്കുമെന്ന് വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു. അടിസ്ഥാന സൗകര്യ വികസനം, ഡിജിറ്റൈസേഷൻ, പ്രതിരോധം, ഭക്ഷ്യ-കാർഷിക മേഖലകൾ എന്നിവയിൽ പുതിയ സഹകരണ സാധ്യതകൾ കണ്ടെത്തുന്നതിനും സ്വകാര്യ മേഖലയിലെ പങ്കാളിത്തം

ശക്തിപ്പെടുത്തുന്നതിനുമായി വ്യവസായ പ്രമുഖരുമായി ഇന്ത്യൻ പ്രതിനിധി സംഘം ചർച്ച നടത്തും.

&&&&&&&&&&&&&&&&&&

**HEADLINE-4**

**NADDA – SSBSK**

മൂന്ന് വയസ്സ് വരെയുള്ള കുട്ടികൾക്ക് സംയോജിത ആരോഗ്യ സംരക്ഷണം ഉറപ്പാക്കാനുള്ള സമഗ്ര ശിശു ബാൽ സ്വാസ്ഥ്യ കാര്യക്രമിന് ഇന്ന് തുടക്കമാകും. ന്യൂഡൽഹിയിൽ നടക്കുന്ന ആരോഗ്യ കുടുംബക്ഷേമ കൗൺസിലിന്റെ 16-ാമത് സമ്മേളനത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി നഡ്ഡ ഉദ്ഘാടനം നിർവ്വഹിക്കും. ദുർബലരായ കുട്ടികളുടെ ആരോഗ്യ നിരീക്ഷണ സംവിധാനം, പ്രസവാനന്തരം അമ്മയുടെ മാനസികാരോഗ്യ പരിശോധന, ശിശുക്കളുടെ ആദ്യകാല വളർച്ച, എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തും.

&&&&&&&&&&&&&&&&&&

**HEADLINE-3**

**ASSEMBLY (INTRO)**

***സ്ത്രീ സുരക്ഷാ പദ്ധതി വിഷയത്തിൽ നിയമസഭയിൽ പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയ നോട്ടീസ്. എന്നാൽ സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.***

***വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**MULLAPPERIYAR**

മുല്ലപ്പെരിയാർ വിഷയത്തിൽ പാർലമെന്ററി കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള അന്തർ സംസ്ഥാന ചർച്ച മുന്നാറിൽ നടന്നു. കേരളത്തിൽ നിന്നും

തമിഴ്നാട്ടിൽ നിന്നുമുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചർച്ചയിൽ പങ്കെടുത്തു. ദക്ഷിണേന്ത്യയിലെ ജനങ്ങൾക്ക് ഗുണകരമായ രീതിയിലുള്ള പ്രശ്ന പരിഹാരത്തിനാണ് ശ്രമിക്കുന്നതെന്ന് പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ രാജീവ് പ്രതാപ് റൂഡി വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## HEADLINE-5

**CENSUS**

സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം നാളെ കൂടി. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്. ജൂലൈ ഒന്ന് മുതൽ വീടുകൾ തോറുമുള്ള വിവരശേഖരണം തുടങ്ങും.

&&&&&&&&&&&&&&&&&

## HEADLINE-2

**SC-RAM MANDIR**

അയോദ്ധ്യക്ഷേത്രത്തിൽ സ്വീകരിച്ച സംഭാവനകളിൽ സാമ്പത്തിക ക്രമക്കേടുകൾ നടന്നെന്ന ആരോപണത്തിൽ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജിയിൽ അടിയന്തര വാദം കേൾക്കണമെന്ന ആവശ്യം സുപ്രീം കോടതി നിരസിച്ചു. കോടതി നിരീക്ഷണത്തിൽ അന്വേഷണവും ഫോറൻസിക് ഓഡിറ്റും നടത്തണമെന്ന് ആവശ്യപ്പെട്ടാണ് പൊതു താല്പര്യ ഹർജി സമർപ്പിച്ചത്.

&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## HEADLINE-6

### RAIN KERALA

കേരളത്തിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. ലക്ഷദ്വിപിൽ ചിലയിടങ്ങളിൽ ഇന്നും ശക്തമായ മഴ തുടരുന്നു. തീരങ്ങളിൽ മണിക്കൂറിൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ ദ്വീപ് നിവാസികൾ ജാഗ്രത പാലിക്കണമെന്ന് നിർദേശമുണ്ട്. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

### IMD-WEATHER

അതിശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് പശ്ചിമ ബംഗാളിലും സിക്കിമിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. അടുത്ത മൂന്ന് ദിവസത്തിനുള്ളിൽ തെക്കുപടിഞ്ഞാറൻ കാലവർഷം ഗുജറാത്ത്, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഝാർഖണ്ഡ്, ബിഹാർ, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളുടെ കൂടുതൽ ഭാഗങ്ങളിലേക്ക് വ്യാപിക്കുമെന്നാണ് മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

### FIFA FOOTBALL

ഫിഫ ലോകകപ്പ് നോക്കൗട്ട് പോരാട്ടത്തിന് ബ്രസീൽ ഇന്നിറങ്ങും. ടെക്സാസിലെ ഹൂസ്റ്റൺ സ്റ്റേഡിയത്തിൽ ഇന്ത്യൻസമയം രാത്രി 10.30ന് ആരംഭിക്കുന്ന മത്സരത്തിൽ ഏഷ്യൻ കരുത്തരായ ജപ്പാനാണ് എതിരാളികൾ. നാളെ പുലർച്ചെ രണ്ടിന് ജർമനി പരാഗ്വേയുമായി ഏറ്റുമുട്ടും. നോക്കൗട്ട് റൗണ്ടിലെ ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തി കാനഡ പ്രീക്വാർട്ടറിലേക്ക് മുന്നേറി. രണ്ടാം പകുതിയിലെ ഇഞ്ചുറി ടൈമിൽ സ്റ്റീഫൻ യുസ്റ്റാക്വിയോ നേടിയ ഗോളാണ് കാനഡക്ക് ചരിത്രവിജയം സമ്മാനിച്ചത്.

&&&&&&&&&&&&&&&&&&

**MENS HOCKEY-FIH PRO LEAGUE**

എഫ്ഐഎച്ച് പ്രോ ലീഗ് ഹോക്കിയിൽ ഇംഗ്ലണ്ടിനെ കീഴടക്കി ഇന്ത്യക്ക് ആവേശകരമായ വിജയം. ലണ്ടനിൽ നടന്ന മത്സരത്തിൽ നിശ്ചിത സമയത്ത് ഇരുടീമുകളും ഗോളൊന്നും നേടാതെ വന്നതോടെ, പെനാൽറ്റി ഷൂട്ടൗട്ടിൽ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്കാണ് ഇന്ത്യയുടെ ജയം.

&&&&&&&&&&&&&&&&&&

**VIBRANT GUJARAT CONFERENCE (INTRO)**

*നാലാമത് വൈബ്രന്റ്ഗുജറാത്ത് മേഖലാ സമ്മേളനത്തിന് ഇന്ന് തുടക്കമാകും. പ്രാദേശിക സ്വപ്നങ്ങൾ - ആഗോള ലക്ഷ്യങ്ങൾ എന്നതാണ് ഇത്തവണത്തെ പ്രമേയം.*

*ഒരു റിപ്പോർട്ട്.....*

*(VO)*

*വഡോദരയിലെ ജിഎസ്എഫ്സി സർവകലാശാലയിൽ നടക്കുന്ന രണ്ട് ദിവസത്തെ സമ്മേളനത്തിൽ കേന്ദ്ര മന്ത്രിമാരായ രാജ്നാഥ് സിംഗ്, മനോഹർ ലാൽ ഖട്ടർ, മൻസുഖ് മാണ്ഡവ്യ എന്നിവർ പങ്കെടുക്കും. ജപ്പാൻ, സിംഗപ്പൂർ, യുഎഇ, ഉക്രെയ്ൻ, റുവാണ്ട തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള 150 ലേറെ പ്രതിനിധികളും സമ്മേളനത്തിന്റെ ഭാഗമാകും. മധ്യ ഗുജറാത്തിന്റെ വ്യാവസായിക വികസനമാണ് സമ്മേളനത്തിന്റെ ലക്ഷ്യം. സെമികണ്ടക്ടർ, ഹരിത ഹൈഡ്രജൻ, ക്വാണ്ടം സാങ്കേതികവിദ്യ, കാർഷിക മേഖലയിൽ നിർമിത ബുദ്ധിയുടെ പ്രയോഗം, എയ്റോ സ്പേസ്, പ്രതിരോധം തുടങ്ങി ഭാവിയിൽ സാധ്യതയുള്ള മേഖലകൾക്ക് പ്രത്യേക പ്രാധാന്യം നൽകും.*

*ന്യൂസ് ഡെസ്ക്, ആകാശവാണി.*

&&&&&&&&&&&&&&&&&&

**RASHTRIYA GRAMIN VIKAS SAMMELAN**

രണ്ട് ദിവസത്തെ രാഷ്ട്രീയ ഗ്രാമീൺ വികാസ് സമ്മേളനം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. എല്ലാ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള ഗ്രാമവികസന മന്ത്രിമാർ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&

**J K-AMARNATH YATRA**

ഈ വർഷത്തെ അമർനാഥ് യാത്ര ജൂലൈ 3 ന് ആരംഭിക്കും . തീർത്ഥാടനത്തിന്റെ സുഗമമായ നടത്തിപ്പിനും സുരക്ഷാ ക്രമീകരണങ്ങൾ, തയ്യാറെടുപ്പ് എന്നിവ വിലയിരുത്തുന്നതിനുമായി ഡ്രൈ ട്രയൽ റൺ ഇന്ന് നടന്നു.

&&&&&&&&&&&&&&&&&

**SENSEX+GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 48 പോയിന്റ് ഉയർന്ന് 77,123 ലും നിഫ്റ്റി 19 പോയിന്റ് നേട്ടത്തിൽ 24,075 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കുറഞ്ഞു. പവന് 680 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 4,880 രൂപയും ഗ്രാമിന് 13,110 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&

**MP - SOLAR PARKS**

മധ്യപ്രദേശിൽ രണ്ട് വൻകിട സൗരോർജ്ജ പാർക്കുകൾ കേന്ദ്ര പുനരുപയോഗ ഊർജ മന്ത്രി പ്രഹ്ലാദ് ജോഷി ഇന്ന് രാജ്യത്തിന് സമർപ്പിക്കും. നീമച്ചിലെ 500 മെഗാവാട്ട് പാർക്കും ഷാജാപൂരിലെ 450 മെഗാവാട്ട് പാർക്കുമാണ് അദ്ദേഹം ഉദ്ഘാടനം ചെയ്യുക. ഭോപ്പാലിൽ നടക്കുന്ന ചടങ്ങിൽ രാജ്യത്തെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള സൗരോർജ സംഭരണ പദ്ധതിയുടെ കരാറും ഒപ്പുവെക്കും.

&&&&&&&&&&&&&&&&&

**US - IRAN TALKS**

സൈനിക പ്രത്യാക്രമണങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ അമേരിക്കയും ഇറാനും ധാരണയിലെത്തി. ഹോർമുസ് കടലിടുക്കിലെ തർക്കങ്ങൾ പരിഹരിക്കാനുള്ള നിർണായക ചർച്ച നാളെ ഖത്തർ തലസ്ഥാനമായ ദോഹയിൽ പുനഃരാരംഭിക്കും. മേഖലയിൽ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ സൈനിക നടപടികൾ താൽക്കാലിക വെടിനിർത്തൽ കരാറിനെ പ്രതിസന്ധിയിലാക്കിയിരുന്നു. ഹോർമുസിൽ വാണിജ്യക്കപ്പലിനെ ഇറാൻ ആക്രമിച്ചതിന് പിന്നാലെ ഇറാന്റെ സൈനിക കേന്ദ്രങ്ങൾക്ക് നേരെ അമേരിക്ക ആക്രമണം നടത്തി.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&